പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4926 01/07/13-ൽ മറുപടിക്ക്

## മാതൃകാ മത്സ്യഗ്രാമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, സി. മമ്മൂട്ടി<br>,, കെ. എം. ഷാജി<br>,, പി. ഉബൈദുള്ള : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മാതൃകാ മത്സ്യഗ്രാമ പദ്ധതി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രയോജനപ്രദമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) മാതൃകാ മത്സ്യ ഗ്രാമപദ്ധതി വഴി തെരെഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ ഭവന നിർമ്മാണം, ശുചിത്വമുള്ള കക്കൂസുകൾ, കുടിവെള്ളം, വൈദ്യുതി,ആരോഗ്യം, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ സമഗ്ര വികസനമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് പ്രയോജന പ്രദമാണ്. |
| (ബി) ഇത്തരം മത്സ്യഗ്രാമത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് എന്നതിന്റെ വിശദവിവരം നൽകാമോ ; | (ബി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനും സാനിട്ടേഷനുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഇതുകൂടാതെ വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ളവിതരണം, തീരദേശ റോഡ് നിർമ്മാണം, ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, ബേപ്പൂരിൽ തീരദേശ റോഡ് |

നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപനം നവീകരണം, ആനാപ്പുഴ മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം, വലിയതുറയിൽ ആശുപത്രി കെട്ടിട നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

(സി) മത്സ്യഗ്രാമത്തിൽ മത്സ്യാധിഷ്ഠിത ഭക്ഷ്യസംസ്കരണം, അതിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, ലാഭകരമായ വിപണന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ പ്രോസസ്സ് ചെയ്ത് മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുന്നതിനായി തീരദേശ ജില്ലകളിലായി 10 കോടി രൂപ ഉപയോഗിച്ച് 10 ഫിഷ് പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പ് വരുത്തുവാൻ മത്സ്യാധിഷ്ഠിതമായി മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന **'ഫിഷ് മെയ്ഡ്'** എന്ന ബ്രാൻഡിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) മേൽ പദ്ധതിയുടെ പുരോഗതി അനുസരിച്ച് ആയത് വ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ